



volume1 issue1 january2019

എച്ച് എം വൈ

എസ് എച്ച് എസ് എസ് കൊട്ടുവള്ളിക്കാട്

# ഒരുമ

***ഓരോ വാക്കിന്റേയും അടിത്തട്ടിൽ ഓരോ പാത്രമുണ്ട്
താനേ തുറന്നടയുന്ന കണ്ണുപോലെ ,
ഉയർന്നുതാഴുന്ന കടലുപോലെ ,ഓരോ മാന്ത്രികച്ചെപ്പ്
എണ്ണമറ്റ നിധികൾ അതിൽ നാം അടക്കം ചെയ്യുന്നു.
( വാക്കിന്റെ അടിത്തട്ടുകൾ- കെ. ജി. ശങ്കരപ്പിള്ള )***

സാഹിത്യലോകത്തേക്ക് പുത്തൻകാൽവെയ്പ്പുനടത്തുന്ന
ഞങ്ങളുടെ സാഹിത്യപ്രതിഭകളായവിദ്യാർഥികൾക്ക്
എല്ലാവിധഭാവുകങ്ങളും...
മണ്ണിനെ അറിയാൻ,തന്റെ ചുറ്റുപാടിനെ അറിയാൻ,
ഓരോ മനുഷ്യരേയും നന്മയിലേക്കു നയിക്കാൻ
സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ സാധിക്കട്ടെ
എന്ന് ആശംസിക്കുന്നു.



എം.എസ്.ജാസ്മിൻ
ഹെഡ് മിസ്ട്രസ്സ്

# ആശംസ

ഹൈടെക് നിലവാരത്തിലേക്കുയരുന്ന
നമ്മുടെ വിദ്യാലയം ഭൗതികമായ
വളർച്ചയ്ക്കൊപ്പംതന്നെ വിദ്യാഭ്യാസരംഗത്തും
കലാ-കായിക-സാഹിത്യരംഗങ്ങളിലും
മികവു പുലർത്തുന്നു. എല്ലാ ക്ലാസ്സ് റൂമുകളും
ഹൈടെക് ആയിക്കൊണ്ടിരിക്കുന്നു. വിദ്യാർഥികളുടെ
വിവിധകഴിവുകൾ ഉൾക്കൊള്ളിച്ചുകൊണ്ട്
ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ തയ്യാറാക്കിയിരിക്കുന്ന
ഈ മാഗസീൻ പുതുതലമുറയ്ക്ക്
പ്രയോജനപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു

എം എ ഗിരീഷ് കുമാർ
പി ടി എ പ്രസിഡന്റ്



# ആശംസ

പ്രളയം നൽകിയ ഒരുമയുടെ പാഠങ്ങളിൽനിന്ന്
സാവധാനം നാം ഉണർന്നു വരുന്നു.
പാഠപുസ്തകത്തിലെ അറിവുകൾക്കപ്പുറം അനുഭവങ്ങളുടെ
തീവ്രത ഉൾക്കൊണ്ട്,വിദ്യാർഥികൾ ആർജിച്ച
കഴിവുകൾ അക്ഷരങ്ങളിലൂടെ, ഡിജിറ്റൽ സാങ്കേതിക
വിദ്യയിലൂടെ, പ്രകടമാക്കുന്നത് നമുക്കിവിടെ കാണാം.
ലിറ്റിൽ കൈറ്റ്സ് ആരംഭം കുറിച്ച ഈ ഡിജിറ്റൽ
മാഗസീൻ നന്മയുടെ പാതയിലേക്കു
നയിക്കട്ടേയെന്ന് ആശംസിക്കുന്നു

സി കെ ഉണ്ണികൃഷ്ണൻ
സ്കൂൾ മാനേജർ



# ആമുഖം

വീണ്ടും ഒന്നിൽനിന്നു തുടങ്ങുകയാണ്. പ്രകൃതി അത്രമേൽ അതിന്റെ ഭീകരത അഴിച്ചു വിട്ടു.
ഒരഭയസ്ഥാനം കണ്ടെത്താൻ വെമ്പൽപൂണ്ട് രക്ഷയുടെ ഏതു മാർഗവും കൈക്കൊണ്ട
നാളുകൾ.ഓർമകളെപ്പോലും ഭയപ്പെടുത്തുന്ന ദിവസങ്ങൾ.എല്ലാ ഭീകരതയ്ക്കും ശാന്തതയ്ക്കും ഇടയിൽ കാലത്തിന്റെ അടയാളവാക്യമായി മനുഷ്യജീവിതങ്ങൾ ഇനിയുംബാക്കി.
എഴുത്തിന്റെ ശക്തികേന്ദ്രങ്ങളായി നിൽക്കുന്നത് ഓരോഅനുഭവങ്ങളാണ്
എഴുത്തുകാരന് അത് ഉറക്കം കെടുത്തുന്നനെരിപ്പോടുകളാണ്.
കുട്ടികൾ അവരുടെ അനുഭവങ്ങൾ കഥകളിലൂടെയും കവിതകളിലൂടെ ലേഖനങ്ങളിലൂടെ
ചിത്രങ്ങളിലൂടെ വരച്ചുകാട്ടുന്നു

## പത്രാധിപ സമിതി

സഞ്ജയ്
അയനമോൾ
അതുൽദാസ്

അമൃത് കൃഷ്ണ

ശ്രീകാന്ത്
അക്ഷയ
ശ്രീലക്ഷ്മി കാന്ത്

പൂജ

*എച്ച് എം വൈ*
*എസ് എച്ച് എസ് എസ് കൊട്ടുവള്ളിക്കാട്5*

ഒരുമ

# മികവിലേക്ക്







എച്ച് എം വൈ

എസ് എച്ച് എസ് എസ് കൊട്ടുവള്ളിക്കാട്

# ഏടുകളിലൂടെ

ഒലിച്ചുപോകുന്ന കേരളം
ബാല്യകാലം
പ്രകൃതി
ഒടുവിലായെത്തി
നിനക്കായ്
പ്രളയം
ഒരുമഴക്കാലം കൂടി
ദിൽ
അഹങ്കാരി വൃക്ഷവും തേനീച്ചയും
പ്രളയകാല കാഴ്ചകൾ
ഒരു ഓർമ്മപ്പെടുത്തൽ
മലയാളത്തിളക്കം
അഭിമാനതാരങ്ങൾ
കുസൃതികണക്കുകൾ
എ തെഫ്റ്റ്
അമ്മ
എന്റെ കുഞ്ഞനിയൻ
കുസൃതിചോദ്യങ്ങൾ
ബാല്യം




# ഒലിച്ചുപോകുന്ന കേരളം

കേരളത്തിന്റെ കാലാവസ്ഥാനിർണയത്തിൽ പ്രധാനപങ്കു വഹിക്കുന്നത് പശ്ചിമഘട്ടമാണ്.ഖനനം,വ്യവസായം,ടൂറിസം,എന്നിവയുടെയൊക്കെ പേരിൽ കൈയേറ്റങ്ങൾനടന്നുകൊണ്ടിരിക്കുന്നു.കേരളം വരളുന്നതും പ്രളയത്തിൽ മുങ്ങുന്നതും ഇവയുടെ ഫലമാണ്.നദികളുടേയും ജലസ്രോതസ്സുകളുടേയും സംരക്ഷണം, ആവാസവ്യവസ്ഥയുടെ സംരക്ഷണം ഇവയ്ക്ക് പരിഗണന നൽകുക.നദികളുടെ വാഹകശേഷി വർധിപ്പിക്കൽ,ഒഴുക്കുനിലനിർത്തൽ,മണ്ണൊലിപ്പ് തടയൽ,മണൽ വാരൽ നിയന്ത്രിക്കൽ,പരമ്പരാഗത ജലസംഭരണശേഷി വ്യാപിപ്പിക്കൽ എന്നിവ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ചതുപ്പുനിലങ്ങളും നെൽവയലുകളും നീർത്തടങ്ങളും കുളങ്ങളും മറ്റും പരമ്പരാഗതജലസംഭരണികളാണ്.
ഇവയെല്ലാം ഏതാണ്ടില്ലാതായി മഴവെള്ളം ഭൂമിയിലേക്ക് കനിഞ്ഞിറങ്ങാനും സംഭരിക്കപ്പെടാനും മാർഗമില്ലാതായി.
കീടനാശിനി പ്രയോഗവും രാസവളപ്രയോഗവും മണ്ണിന്റെ ജൈവീകത നശിപ്പിക്കുന്നു.
വനനിയമങ്ങൾ പാലിക്കപ്പെടുന്നില്ല.
പാറപ്പൊട്ടിക്കൽ അനിയന്ത്രിതമായി
മാലിന്യങ്ങൾ കുന്നുകൂടുന്നതാണ് പരിസ്ഥിതി തകിടം മറിയുന്നതിന് മറ്റൊരു കാരണം.

മണ്ണും വെള്ളവുമാണ് നമ്മുടെ ജീവനോപാധികൾ.
അവയെ വേണ്ടവണ്ണം പരിപാലിച്ചില്ലെങ്കിൽ പ്രകൃതിയിൽ
നിന്ന് തിരിച്ചടികൾ ഉണ്ടാകുമെന്ന സന്ദേശമാണ് പ്രളയം നൽകുന്ന പാഠം.

**-എഡിറ്റർ**



## ബാല്യകാലം

കുസൃതി കുടുക്കകൾ എത്രയെണ്ണം
വികൃതിയായിപലവഴി മുപ്പതെണ്ണം
കുട്ടിയുടുപ്പും പട്ടുപാവാടയും
ഷർട്ടും മുണ്ടും കട്ടിമീശേം



ബാല്യകാലം ആണെൻസഖി
എന്നാൽ കണ്ടാലതിലുണ്ട് കൗമാരവും

പച്ചപ്പുളിയും നെല്ലിയും മാങ്ങയും
പാടവും കാറ്റും പുഴവരമ്പും
ഒത്തൊരുമിച്ചും തനിച്ചും കളിച്ച -
രസിച്ചും ഒട്ടുമിക്കതും തോറ്റുപോയി
എട്ടുനിലയിൽ പൊട്ടിയ വമ്പനും
എട്ടക്ഷരമെങ്കിലും ഓർമ്മയുണ്ട്.

-ആഭ ഉണ്ണിസത്താർ

# അക്കാദമിക മികവുകൾ








# പ്രകൃതി

വരികെന്റെ മക്കളെ പ്രകൃതിതൻ
ജീവനപുരയിലേക്കെല്ലാരുമൊത്തുകൂടീടുവാൻ
വന്ദ്യവരേണ്യയാം ഭൂമിക്കുഭൂപാള-
പുഷ്പങ്ങൾ ചാർത്തുവാൻ ഒത്തുകൂടീടുക
പ്രകൃതിയെന്താണെന്നറിയണം നമ്മൾ
പ്രകൃതിയെ സ്നേഹിക്കുവാൻ പഠിക്കേണം
വികൃതമാക്കല്ലേ വികലമാക്കല്ലേ
വിശ്വമാതാവുനൽകിയ സമ്മാനമല്ലേ
ജീവനില്ലാത്തവ  എല്ലാം കഴിച്ചുനാം
ജീവൻ ത്യജിക്കയാണെന്ന് പഠിക്കുക
ജീവിക്കുവാൻ നല്ല ജീവിതം നൽകുവാൻ
ജീവൻ മാത്രമാണെന്നോർക്ക നാം മർത്ത്യരേ..
ജീവിതം പ്രകൃതി മാത്രമാണെന്നോർക്ക നാം -
മർത്ത്യരേ.....



VRINDADAS
9B

**"ആയിരം കാർമേഘങ്ങൾ**
**ഭൂമിയെ കാട്ടാതെ സൂര്യനെ**
**മറച്ചുവച്ചാലും**

**ഭൂമിക്ക് വെളിച്ചമായ്**
**സൂര്യൻ വരും"**

# ഒടുവിലായെത്തി



എവിടെയോ പോയ് മറഞ്ഞു
ഇന്നിതാ വന്നെത്തി
മനുഷ്യന്റെ ക്രൂരതകൾ
മാത്രം........(2)

അനുഭവിച്ചനുഭിവിച്ചൊരു -
പാഠമനുഭവിച്ചു നാം....
പ്രളയം എന്ന മഹാദുരന്തം
വഴിമാറിയില്ല......(2)

കാലം പോയ പോക്കിതാ
ഒരു പ്രളയം കൊണ്ടുതന്നു....
ആളും മാറി ലോകവും മാറി
നാശം മാത്രം മനുഷ്യന് ....(2)

ആധികളും വിഷമങ്ങളും
മാത്രം കൊണ്ടുനടന്നൊരു
ദിനമത്...നാമൊത്തൊരുമിച്ച
ദിനമത്...ആ പ്രളയദിനമത്...(2)

ഓരോ മനുഷ്യനും
ഓരോ വിഷമവും
ബാക്കിയാക്കി പ്രളയം
തിരിച്ചുപോയി.....

ആ...പ്രളയം
തിരിച്ചുപോയി....(2)

ഓരോ മനുഷ്യനിലും
ഒരു ദുസ്വപ്നമായി....
ആ...പ്രളയം
മാഞ്ഞു പോയി....(2)

- ശിവാനി വി.എസ്.8 A

# നിനക്കായ്



അറിയുന്നുസഖീ, നിൻ ആത്മരോദനം
വേർപാടിൻ കദനഭാരത്താൽ
ആരുമറിയാതെ അണപൊട്ടുന്നു
നിൻ ആത്മനൊമ്പരങ്ങൾ തീക്കനൽ പോലെ
കത്തിയെരിയുന്ന നിൻ അന്തരംഗം
വേർപാടിൻ തീ ചൂളയിൽ
ഓർമ്മിക്കാനായി സ്വപ്നങ്ങൾ നെയ്തുകൂട്ടി
ഓർമ്മകൾ മാത്രമായവശേഷിക്കുന്നു
കാർമേഘം മൂടിയ വാനം പോലെ
ഇരുളടഞ്ഞുവോ നിൻ മനോവിചാരങ്ങൾ
രോക്ഷത്താൽ അലതല്ലും തിരമാലകൾ പോലെ
ഇളകിയാടുന്നുവോ നിൻ വിരഹദു:ഖങ്ങൾ
ഒത്തിരി ഒത്തിരി ദൂരങ്ങൾ പിന്നിട്ട്
ഒത്തിരി ഒത്തിരി സ്വപ്നങ്ങൾ പങ്കിട്ട്
ആഹ്ലാദത്തോടെ നടന്ന വേളയിലും
എല്ലാത്തിനും അന്ത്യമായ് വിരഹമെന്ന ദു:ഖം മാത്രം
എല്ലാവരും ഒരുനാൾ പിരിയേണ്ടവർ
എങ്കിലും എൻ പ്രിയ കൂട്ടുകാരി
വേർപിരിയുന്നയീ വേളയിൽ ഞാൻ
നിനക്ക് നേരുന്നു ആയിരം നന്മകൾ

ലിമി കെ ടി

# ഒഴിവാക്കേണ്ട ഏഴു തിന്മകൾ



വ്യക്തി ജീവിതത്തിൽ ഒഴിവാക്കേണ്ടതായ ഏഴു തിന്മകളെക്കുറിച്ച് ഗാന്ധിജി പറയുന്നുണ്ട് -

1.ആദർശമില്ലാത്ത രാഷ്ട്രീയം
2.ജോലി ചെയ്യാതെ നേടുന്ന സമ്പാദ്യം
3.ധാർമികതയില്ലാത്ത വ്യാപാരം
4.ത്യാഗമില്ലാത്ത ഈശ്വരപൂജ
5.മനുഷ്യത്വമില്ലാത്ത ശാസ്ത്രം
6.മനസ്സാക്ഷിക്ക് ചേരാത്ത സുഖം
7. സ്വഭാവശുദ്ധിയില്ലാത്ത അറിവ്

- ആദിലക്ഷ്മി 9 C

# പ്രളയം

പ്രളയഭൂമിയിൽ,

തുഴയുകയാണ് ഞാൻ,

ഏറെ നാളുകൾക്ക് മുമ്പ്...



തോരാതെ പെയ്തിറങ്ങിയ മാരിയെ

തട്ടിതെറിപ്പിച്ചപ്പോഴും ,

ഇന്ന തോരും, നാളെ തോരുമെന്ന്

കാത്തുകാത്തിരുന്നപ്പോഴും

പാതിരാത്രിയിൽ മഴ വീട്ടുതേടി

ഇരച്ചു വരുന്നതും നോക്കി

ഉറങ്ങാതിരുന്നപ്പോഴും,

എന്തെന്നറിയാതെ,

ഉറ്റവരെ ചേർത്തൊതുക്കി

അഭയകേന്ദ്രം തേടിയപ്പോഴും

അറിഞ്ഞിരുന്നില്ല ഞാൻ,

ജീവിതം ഒരു മഴവെള്ളപ്പാച്ചിലിൽ

ഒഴുകിത്തീരുമെന്ന് .....

എന്നെ ,

മരണമാം കാമുകൻ

പുൽകിയുണർത്താനെത്തുമെന്ന്....

- ആത്മിക കെ.മനോജ് 9 B

## ഒരു മഴക്കാലം കൂടി....

എനിക്ക് പറക്കാൻ
നിന്റെയാകാശം കടം തന്ന
ദിവസത്തിന്റെ ഓർമ്മക്കായ്...
എന്റെ വഴികൾ
അവസാനിക്കാതിരിക്കുന്നതിന്റെ
പൊരുൾ




അവസാനിക്കാത്ത
നിന്റെയോർമ്മകൾ
നീ പെയ്തു തോർന്ന മുറ്റങ്ങളിൽ
തളിരിടുന്നു,
ഞാനെന്ന സത്യം .

-അക്ഷയ .വി എസ് 9 B

## दिल

मेँरे दिल में कुछ हुआ पर,
मुझे नहीं मालूम हुआ ये क्या चीज़ है,
फिर मैंने समझा ये प्यार है।

कुछ प्यार सबको दिखता नहीं,
दिल सबको होता है,
दिल में बसने वाला भी सबको होता है।

पर,दिल को समझनेवाला
नसीबवालौं को ही मिलता है।

- N R BINDU

ഒരുമ

# S P C
















എച്ച് എം

എസ് എച്ച

## CARTOON CORNER












# വിദ്യാരംഗം കലാസാഹിത്യവേദി









വിദ്യാരംഗം ജേതാക്കൾ




SPORTS

# അഹങ്കാരി വൃക്ഷവും തേനീച്ചയും

ഒരു വനത്തിൽ ഒരു മാവും ഒരു ആൽമരവും ഉണ്ടായിരുന്നു. പ്രഭാതം തൊട്ട് മാവ് അതിന്റെ ഫലങ്ങളോട് സൗമ്യത കാട്ടിയിരുന്നു. എന്നാൽ ആൽമരം അതിന്റെ സ്വഭാവം കൊണ്ട് കഠോരമായിരുന്നു. അങ്ങനെയിരിക്കെ ഒരു നാൾ തേനീച്ചറാണി അതിന്റെ കൂട്ടാളികളുടെ കൂടെ താമസിക്കാനായി വന്നു അവൾ കണ്ടെത്തിയ ആൽമരം ഏറെ നിബിഢമായിരുന്നു. തേനീച്ചകൾ ആൽമരത്തോട് ചോദിച്ചു "ആൽമരമേ നിങ്ങൾ ഞങ്ങൾക്ക് കൂടുവയ്ക്കാൻ ഒരു ഇടം തരുമോ" അപ്പോൾ ആൽമരം പറഞ്ഞു "ഞാൻ എന്റെ ശരീരത്തിൽ മറ്റു ജീവികൾക്ക് ഇടം കൊടുക്കാറില്ല"ഇരുവരുടേയും സംസാരം മാവ് കേട്ടു.എന്നിട്ട് മാവ് പറഞ്ഞു "കൂട്ടുകാരാ നിന്റെ ശരിരത്തിൽ ആവശ്യത്തിന് സ്ഥലം ഉണ്ടല്ലോ അതിൽ ഒരു ഇത്തിരി ഭാഗം അവർക്ക് കൊടുത്തുകൂടെ."ഞാൻ കൊടുക്കില്ല ,അത്രയ്ക്ക് വിഷമമുണ്ടെങ്കിൽ നീ കൊടുക്കു "എന്ന് ആൽമരം പറഞ്ഞു. വരൂ സഹോദരിമാരെ നിങ്ങൾ എന്റെ ശരീരത്തിൽ കൂടുക്കൂട്ടിക്കോളൂ. മാവിനോട് തേനീച്ചകൾ നന്ദി പറഞ്ഞു. ഒരു ദിവസം അതുവഴി രണ്ട് മരംവെട്ടുകാർ വന്നു അവർ മാവിനെ നോക്കി പറഞ്ഞു "ഈ വൃക്ഷത്തിന്റേത് നല്ല തടിയാണ് ഇത് വെട്ടിയാൽ ചന്തയിൽ നല്ല കാശ് കിട്ടും അപ്പോൾ മറ്റൊരാളുടെ ദൃഷ്ടിയിൽ തേനീച്ച കൂട് കണ്ടു. അയാൾ പറഞ്ഞു "വേണ്ട ഈ മരത്തിൽ തേനീച്ചയുണ്ട് അവ നമ്മളെ കുത്തും വേറെ മരം കണ്ടുപിടിക്കാം ചങ്ങാതി " "വേറെ മരം അന്വേഷിക്കേണ്ടാ ദാ ഒരു ആൽമരം , ഇത് വളരെ നിബിഢവുമാണ് നമുക്ക് ഈ മരം തന്നെ വെട്ടാം"

അങ്ങനെ ആ മരം വെട്ടാൻ തുടങ്ങി. ആൽമരം  വേദനകൊണ്ട് പുളഞ്ഞു. അതുകണ്ട മാവ് പറഞ്ഞു "തേനീച്ചകളെ നമ്മുടെ ശത്രുവായാലും ആപത്തിൽ അവരെ രക്ഷികണം. തേനീച്ചകൾ മരം വെട്ടുകാരെ കുത്തി നോവിച്ചു. അവർ ജീവനും കൊണ്ട് ഓടി ആൽ തേനീച്ചകളോട് നന്ദി പറഞ്ഞു നന്ദി പറഞ്ഞു.പിന്നീട് അവർ മൂന്നുപേരും നല്ല ചങ്ങാതികളായി ആ കാട്ടിൽ സ്നേഹത്തോടുകൂടി ജീവിച്ചു.

-ലക്ഷ്മി കെ എസ്



എച്ച് എം ...

എസ് എച്ച് എസ് എസ് കൊട്ടുവള്ളിക്കാട18

ഒരുമ

# LITTLE KITES









എച്ച് എം വൈ

എസ് എച്ച് എസ് എസ് കൊട്ടുവള്ളിക്കാട്19

# പ്രളയകാല കാഴ്ചകൾ



# A REMINDER FOR OUR FUTURE

From 9th August 2018 severe floods affected the south indian state of kerala due to unusual high rainfall during the monsoon season.It is the worst flood in kerala after the great flood of 99 that took place in 1924. Over 483 people died and 14 are missing. In this flood keralite joined together with out any discrimination on religion ,cast, rich,poor etc. The rescue operations are carried out by Army,Navy,and Air force. Besides the government sector we should very thankful and proud to the fishermen of kerala.They were the super heroes.

Today we have to think seriously about why should such disasters affected?Needless to say the main culprict is Man. Certainly we can say the thoughtless interventions of man is the main reason. So we should do something practical to prevent these disasters.

**PROTECT OUR EARTH SAVE THE LIFE OF MAN**

**PROTECT OUR BIODIVERSITY**

Sreelekha M S

# മലയാളത്തിളക്കം



## സുരീരി ഹിന്ദി ഹെലോ ഇംഗ്ലീഷ്

# അഭിമാനതാരങ്ങൾ





Vysakh sanal
Clay modelling-state A grade



Abhirami K K
Natural fibre products
District-A grade



Rohini P R
Fruit preservation
District-A grade



Abha Unni
Mono Act
State A grade



Selected in Radio Mango



Mahadev M K
Electrical wiring

# SCIENCE FAIR



*ScienceQuiz 1:*
*Abhinand K S 10 A*



*WorkingModel : Jerin Joseph*



*WorkingModel : SreePrakash*



*ImprovisedExperiment : Rithin Tom 8B Lal Sree Adwaid 8C*

# N C C



# A  Theft

An  unwelcome  indeed.......
Really not a civilised deed
When it comes to books...
The thief is forgiven,
For he had an urge and hunger to read.
But does that make sense?
Denying chances of others to read is truly punishable
when it comes to food,
The hunger and thief are the passengers sharing same seat.
Then we ask ,if you are ready to  donate ,why not now?
Giving food to a hungry person would reduce your sins.
But when it comes to money,
Its unstoppable for some -less or large the quantity varies
Shattering dreams of the one who possesses that worthy some...
Once caught the vail of the thief gets unravelled[1]
And everything he made comes to an end-all the honour,
The respect and the admiration
A new person gets evolved,
which had no relation with the former.
But poor victims had to suffer
Nothing else to replicate what they possessed earlier.

-Ambili Aravind K

1 To separate the threads

# അമ്മ

നിലാവുപോലെ സാന്ദ്രമായ വാത്സല്യമാണമ്മ
സ്നേഹമായെന്നിൽ പെയ്തിറങ്ങുന്ന കുളിർക്കാറ്റാണമ്മ
സങ്കടങ്ങളുടെ അഗ്നിജ്വാലയിൽ തണുപ്പിക്കും ഇളംകാറ്റാണമ്മ
അമ്മയെന്നാൽ സ്നേഹത്തിൻ ഭാഷയാണെനിക്ക്
അമ്മ കദനങ്ങളിൽ ആർദ്രമായ് തഴുകുന്നു.
അമ്മേ നിൻ മൊഴികൾ അമൃതമാണ് വഴിയിൽ
അമ്മേ നിൻ കരുതൽ കരുത്താണെൻ ഹൃത്തിൽ
അമ്മേ നിൻ ഓർമ്മകളെന്നും എൻ സ്വപ്നതിന് കാവൽ
ഇലഞ്ഞിപ്പൂവിൻ സുഗന്ധമുള്ള അമ്മ
എൻ അമ്മ എന്റെ മാത്രം പരിശുദ്ധ അമ്മ



- Emilda P.A 8B

## എൻെറ കുഞ്ഞനിയൻ



എൻെറ വീട്ടിലുണ്ടൊരു കുഞ്ഞനിയൻ
എനിക്കൊത്തിരിയിഷ്ടമാണവനെ
അവനാളൊരു കുസൃതി കുട്ടൻ
അവൻെറ പുഞ്ചിരി കാണാൻ ചേലാണ്
അവൻ ഞങ്ങടെ വീട്ടലെ ഉണ്ണിയാണ്
അവൻ ഞങ്ങടെ വീടിൻ സൗന്ദര്യം
അവനൊന്ന് സ്കൂളിൽ പോയിക്കാണാൻ
എത്രനാളായി ഞങ്ങൾ കൊതിച്ചിരുന്നു
അവനൊന്നോടുന്ന കാണവാൻ എത്രനാളായി
ഞങ്ങൾ ആഗ്രഹിച്ചു.

*-Ardra Maria* ***5 B***

# കുസൃതിചോദ്യങ്ങൾ

1.തലയിൽ കാല് വെച്ച് നടക്കുന്ന ജീവി -

*പേൻ*

2.കണ്ണുള്ളവർക്കും ഇല്ലാത്തവർക്കും ഒരുപോലെ കാണാൻ കഴിയുന്നതെന്ത് -

സ്വപ്നം

3.പരീക്ഷയുടെ അവസാനം എന്ത് -

ക്ഷ

4.എല്ലാ ആളുകളും തലകുനിക്കുന്ന സ്ഥലം -

ബാർബർ ഷോപ്പ്

5.ഗാന്ധിജി കാണാത്ത ഇന്ത്യ -

മിസ് ഇന്ത്യ

6.അപ്രതീക്ഷിതമായ് പലയിടത്തും ആളിപ്പടരുന്ന മരം -

സമരം

7.നിമിഷനേരം കൊണ്ട് മനുഷ്യന് പണിയാൻ കഴിയുന്ന കോട്ട -

മനക്കോട്ട

8.പണക്കാരനെന്ന് അറിയിച്ച് നടക്കുന്ന പക്ഷി -

ost<u>rich</u>

9.തേനീച്ച മൂളുന്നതെന്തുകൊണ്ട് -

സംസാരിക്കാൻ കഴിയാത്തതുകൊണ്ട്

10.മ്യാരേജിനുമുമ്പ് ഡൈവോർസ് വരുന്നതെവിടെ -

ഇംഗ്ലീഷ് ഡിക്ഷ്ണറിയിൽ



*എച്ച് എം വൈ*

*എസ് എച്ച് എസ് എസ് കൊട്ടുവള്ളിക്കാട്27*

# ബാല്യം

(മനുഷ്യന്റെ ജീവിതത്തിൽ മറക്കുവാൻ കഴിയാത്ത ഒരു കാലമാണ് ബാല്യം. അച്ഛനും അമ്മയും കൂട്ടുകാരും ഒത്ത് കളിച്ചും ചിരിച്ചും ഇണങ്ങിയും പിണങ്ങിയും നടന്ന  കാലമാണ് ബാല്യം )

കവിത :-

അച്ഛൻ തൻ മാറിൽ ഉറങ്ങിയ ദിനങ്ങൾ
അമ്മതൻ താരാട്ടിൽ മയങ്ങിയ രാവുകൾ
കൊച്ചുവസന്തമെൻ ബാല്യം
ഞാനെന്ന കൊച്ചുപൂവിനെ ഞെട്ടറ്റ് വീഴാതെ സൂക്ഷിച്ചെന്നമ്മ
കിന്നരിച്ചും പുന്നാരിച്ചും വളർത്തിയോൻ എന്നച്ഛൻ
കൂട്ടുകാരും ഒത്ത് ഇണക്കപിണക്കങ്ങൾ കൂട്ടായി
കളിച്ചും ചിരിച്ചും രസിച്ചൊരു കാലം
പുഴയെന്ന പോൽ കൊച്ചു കുസൃതിയിൽ നീന്തിത്തുടിച്ച
ബാല്യം ഇന്നെങ്ങോ മാഞ്ഞുപോയ്
ഇനി ബാല്യം എന്നും എന്നും ഓർമ്മ



ആരതി    10A

# Social Science Fair

## Sub District  Runner Up



*WorkingModel   Abhijith.A.G*



*WorkingModel*
*Rajalakshmi.K.N*



*AtlasMaking : Ayush  10 A*



*LocalHistoryWriting :*
*Adheena Shabu 9 C*



*StillModel : Emilda.P.A  8B*
എച്ച് *Sreya.P.M 8B*



*Otherchart : Devika N*



*MalayalamTyping : vrinda Das 9B*



*EnglishEssayandRecitation : Athmika K Manoj 9B*



*Game : Ashitha M T 10A*



*MalayalamEssayWriting : Arunima 8 B*

ഒരുമ

# കൊട്ടുവള്ളിക്കാടിന്റെ കായികതാരങ്ങൾ



## MINI VOLLEY BALL CHAMPIONS





## ദേശീയതാരങ്ങൾ ലോകമഹാത്ഭുതം സന്ദർശിച്ചപ്പോൾ

*എച്ച് എം വൈ*

*എസ് എച്ച് എസ് എസ് കൊട്ടുവള്ളിക്കാട്31*

# BALL BADMINTON DISTRICT CHAMPIONS




# FOOT BALL TEAM




# SCHOOL CRICKET TEAM



ഒരുമ

# STAR OF KERALA




# NATONAL ROCKIT BALL CHAMPIONS



എച്ച് എം വൈ

എസ് എച്ച് എസ് എസ് കൊട്ടുവള്ളിക്കാട്33

# S P C PASSING OUT










# പിന്നണിയിൽ....





എച്ച് എം വൈ

എസ് എച്ച് എസ് എസ് കൊട്ടുവള്ളിക്കാട35



ചിത്രലേ ഖകർ -

അയനമോൾ, ഗോകുൽ വി ജി

ശിവനന്ദിനി

ശ്രീലക്ഷ്മികാന്ത്

അനന്തകൃഷ്ണൻ

# നന്ദി

മാഞ്ഞുപോയ് കൊണ്ടിരിക്കുന്ന നമ്മുടെ കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന് സർഗ്ഗാത്മകത വിതറുവാനുള്ള ഒരു എളിയ ശ്രമമാണ് ഈ "ഒരുമ". സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ അഭിമുഖ്യം ഗുണപരമായും സർഗാത്മകമായുംപ്രയോജനപെടുത്തുന്നതിലൂടെ "ലിറ്റിൽ കൈറ്റ്സ്" കുട്ടികളുടെ ഐ.ടി കൂട്ടായ്മ "ഒരുമ " ഇവിടെ സമർപ്പിക്കുന്നു.ഇതിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ച അധ്യാപകർക്കും വിദ്യാർഥികൾക്കും പ്രത്യേകം നന്ദി അർപ്പിക്കുന്നു.